പദ്ധതികളുടെ സമയബന്ധിത നടത്തിപ്പ്

176 (522) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രഖ്യാപിക്കുന്ന നൂതന പദ്ധതികൾ സമയബന്ധിതമായി, അനുബന്ധ നടപടിക്രമങ്ങൾ പൂർത്തിയാക്കി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കാമോ ;

(ബി) പുതിയ പദ്ധതി പ്രഖ്യാപിക്കുമ്പോൾ, നിലവിലുള്ള സമാന പദ്ധതികൾ നിന്നു പോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അത്തരം സാഹചര്യങ്ങളിൽ ആ പദ്ധതിക്കായി മുടക്കിയ പണം പ്രയോജനരഹിതമായിപ്പോകുന്ന അവസ്ഥ ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതൽ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകന യോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി വരുന്നു. വകുപ്പ് സെക്രട്ടറി തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അവലോകനവും നടത്തുന്നുണ്ട്. ഈ യോഗങ്ങളിൽ പദ്ധതികൾക്ക് ഭരണാനുമതി സമയബന്ധിതമായി നൽക പ്പെടുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നുണ്ട്. കൂടാതെ പദ്ധതി പണം ചെലവഴിക്കാതെ വകുപ്പുകളുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ സൂക്ഷിക്കുന്ന പ്രവണതയ്ക്കും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പുതിയ പദ്ധതി പ്രഖ്യാപിക്കുമ്പോൾ നിലവിലുള്ള സമാന പദ്ധതികൾ നിന്നുപോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി

177 (523) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയോ സാമ്പത്തിക ഞെരുക്കമോ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly